## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4762 | | 26.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മംഗളവനത്തിന് പുതുജീവൻ നൽകാൻ പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | കൊച്ചി നഗരത്തിലെ പക്ഷി സങ്കേതമായ മംഗളവനത്തിലെ ജലാശയത്തിലെ എക്കലും മാലിന്യങ്ങളും മാറ്റി ആഴം കൂട്ടി മംഗളവനത്തിന് പുതുജീവൻ നൽകാനായി നഗരസഭ ആവിഷ്കരിച്ച പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | കൊച്ചി നഗരസഭയിലെ പക്ഷി സങ്കേതമായ മംഗളവനത്തിന് പുതു ജീവൻ നൽകുന്നതിലേക്കായി എബ്രഹാം മാടമാക്കൽ റോഡ് മുതൽ മംഗളവനം വരെയുള്ള തോട് 350 മീറ്റർ നീളത്തിൽ ചെളി മാറ്റുന്നതിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും, പ്രവൃത്തി പുരോഗമിച്ചു വരുന്നതുമാണ്.<br><br>കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി മംഗളവനത്തിലേക്കുള്ള റോഡിലെ കാന പുനരുദ്ധരിക്കുന്നതിനും, ചെളി കോരുന്നതിനുമുള്ള പ്രവൃത്തി നടന്നു വരുന്നതാണ്. എന്നാൽ റെയിൽ വേയുടെ അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിരുന്നത്? | (ബി) | മേൽ രണ്ട് പദ്ധതികൾക്കുമായി ആകെ 45 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. |

Remedia.
സെക്ഷൻ ഓഫീസർ